**ലക്ഷക്കണക്കിന് വരുന്ന ഭൂരഹിതർക്കും ദളിതർക്കും ആദിവാസികൾക്കും ഭൂമി നൽകാനില്ലെന്ന് സർക്കാർ ആവർത്തിച്ച് പറയുമ്പോഴും വികസനത്തിനുവേണ്ടി കുടിയൊഴിപ്പിക്കപ്പെടുന്നവർ തെരുവിലുറങ്ങുമ്പോഴും ആയിരക്കണക്കിനേക്കർ ഭൂമി സർക്കാർ മാഫിയകൾക്ക് കൈമാറിക്കൊണ്ടിരിക്കുകയാണ്. കോഴിക്കോട്ടെ കിനാലൂരിൽനിന്ന് ഒരനുഭവം.**


# കിനാലൂരിലെ വികസനം എന്ത്?

സി.ആർ. നീലകണ്ഠൻ

ഐ.എസ്.ആർ.ഒ., എച്ച്.എം.ടി.തുടങ്ങിയവ ഭൂമിവിവാദങ്ങളേക്കാൾ വലിയ ഒന്ന് കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ വരുന്നു. കിനാലൂരിലെ സർക്കാർ എസ്റ്റേറ്റിൽ നിന്ന് 275 ഏക്കറും കോഴിക്കോട് വിമാത്താവളം റോഡിലെ 25–50 ഏക്കറും വരുന്ന ഭൂമിയാണ് ഒരു വികസനപദ്ധതിക്കെന്ന പേരിൽ സംസ്ഥാനസർക്കാർ ഒരു മലേഷ്യൻ കമ്പനിക്ക് കൈമാറുന്നത്. വ്യവസായവളർച്ചാകേന്ദ്രം എന്ന ഈ പദ്ധതിക്കായി സംസ്ഥാന വ്യവസായ വികസകോർപ്പറേഷനും മലേഷ്യയിലെ കൺസ്ട്രക്ഷൻ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് ബോർഡ് (സി.ഐ.ഡി.ബി.) തമ്മിൽ ഒരു ധാരണാപത്രം 2007 സെപ്തംബർ 10ന് ഒപ്പിട്ടിരിക്കുന്നു. സംസ്ഥാന കോർപ്പറേഷന് വേണ്ടി എം.സി.പി. എച്ച് കുര്യനും സി.ഐ.ഡി.ബിക്കു വേണ്ടി സി.ഇ.ഒ. ദാത്തുക് ഹംസാ ഹസനുമാണ് കരാറിൽ ഒപ്പുവച്ചിരിക്കുന്നത്. 2007 ജൂൺ 2ന് കേരള സർക്കാർ നൽകിയ അധികാര പത്രമനുസരിച്ചാണ് കരാറിൽ ഏർപ്പെടുന്നതെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇരുകൂട്ടർക്കും ഗുണകരമാകുമെന്ന് പറയുന്ന ഈ പദ്ധതിയിൽ 12.5 കോടി യു.എസ്.ഡോളറിന്റെ മുതൽമുടക്കുണ്ടാകുമെന്നും ഇതുവഴി പ്രത്യക്ഷമായോ പരോക്ഷമായോ 25000 പേർക്ക് തൊഴിൽ നൽകുമെന്നുമാണ് പറയുന്നത്. ഒരു സാധാരണ ധാരണാപത്രത്തിന്റെ എല്ലാവ്യവസ്ഥകളും ഇതിലുണ്ട്.

എന്തു വ്യവസായമാണിവിടെ വരുന്നതിനെപ്പറ്റി യാതൊരുവിവരങ്ങളും ഈ ധാരണാപത്രത്തിലില്ല. കരാറിൽ ഏർപ്പെടുന്ന മലേഷ്യൻ കമ്പനി പൂർണമായും ഒരു നിർമാണ (റിയൽ എസ്റ്റേറ്റ്) കമ്പനിയാണ്. സ്മാർട്ട് സിറ്റി കരാറിൽ കമ്പനിയുടെ പേരിലെങ്കിലും ഇന്റർനെറ്റ് സിറ്റിയെന്നുണ്ടായിരുന്നു. ഐ.ടി. വ്യവസായമാണിവിടെ വരികയെന്നുമുണ്ടായിരുന്നു. ഇവിടെ അതൊന്നുമില്ല. ഇതിൽ മാത്രമല്ല. മറ്റുനിരവധി രീതികളിൽ നോക്കിയാലും യു.ഡി.എഫ്.സർക്കാരിന്റെ കാലത്തു തയ്യാറാക്കിയ സ്മാർട്ട്സിറ്റി ധാരണാപത്രത്തിലില്ലെന്നുകാണാം.

ഭൂമി കൈമാറുന്നത് വിലയ്ക്കാണോ പാട്ടത്തിനാണോ എന്നില്ല. വിലയോ പാട്ടമോ ആണെങ്കിൽ അല്ല രൂപയ്ക്കാണെന്നോ എത്രകാലത്തേക്കാണെന്നോ ഇല്ല. കിനാലൂർ എസ്റ്റേറ്റിലേതിനുപുറമെ ഹൈവേയിൽ നൽകുന്ന ഭൂമി ഏതാണെന്നോ അതെന്തിനാണെന്നോ വ്യക്തമായി പറയുന്നില്ല. ഇന്ന് വൻകമ്പോളവിലയുള്ള ഈ ഭൂമി നൽകുമ്പോൾ ഇവർ വാഗ്ദാനം ചെയ്യുന്ന തൊഴിലവസരങ്ങൾ വളരെ കുറവുമാണ്. ഇതിനേക്കാൾ കുറവ് ഭൂമി (246 ഏക്കർ) നൽകുന്ന സ്മാർട്ട് സിറ്റിയിൽ 90000 പ്രത്യക്ഷ തൊഴിലവസരങ്ങളെന്ന് പറയുന്നുണ്ട്. ഇവിടെ പ്രത്യക്ഷമോ പരോക്ഷമോ എന്നാണ് പറയുന്നത്. തൊഴിൽ നൽകാനായില്ലെങ്കിൽ,



**മൂന്നാംകക്ഷിയെന്ന നിലയിൽ ഇതിന്റെ നടത്തിപ്പുകാരൻ ഫാരിസായിരിക്കും. അതു വഴി ഭരണകൂടത്തിന്റെ പൂർണസഹകരണം ഉറപ്പാക്കും. ലാന്റ്ബാങ്ക് വികസിക്കും. കേരളം വികസിക്കും. പക്ഷെ ചിലചെറിയ സംശയങ്ങൾ മാത്രം. സ്മാർട്ട്സിറ്റിക്കുവേണ്ടി യു.ഡി.എഫ്. തയ്യാറാക്കിയ ധാരണാപത്രവും കരാറും സംബന്ധിച്ച് നിരവധി ചോദ്യങ്ങളുയർത്തിയ ഇന്നത്തെ മുഖ്യമന്ത്രി തന്റെ സർക്കാരിന്റെ വകുപ്പ് തയ്യാറാക്കി ഒപ്പിട്ട ഈ ധാരണാപത്രത്തെ പറ്റി അത്തരം ചോദ്യങ്ങളുയർത്തുമോ?**

യു.ഡി.എഫ്.കരാറിൽ നാമമാത്രമായ ഒരു നഷ്ടപരിഹാരം (പെനാൽട്ടി) എങ്കിലും ഉണ്ടായിരുന്നു. ഇവിടെ അതൊന്നുമില്ല. ഇത് സംയുക്തസംരംഭമാണോ സ്വകാര്യ സംരംഭമാണോയെന്നതും വ്യക്തമല്ല. ഫലത്തിൽ ഈ ഭൂമി അവരുടെ കൈവശമാകുന്നു.

മലേഷ്യൻ സർക്കാരിന്റെ കമ്പനിയാണിതെന്നു വരുത്തിതീർക്കാൻ നടത്തിയശ്രമവും പാളിപ്പോയി. അന്നാട്ടിലെ ഒരു മന്ത്രി ഒപ്പിടൽ ചടങ്ങിൽ പങ്കെടുത്തുവെന്ന് മാത്രം സത്യം. പൂർണമായും സ്വകാര്യ ഉടമസ്ഥതയിലുള്ള ഒരു നിർമാണ കമ്പനിമാത്രമാണിത്. എന്നാൽ ഈ ധാരണാപത്രത്തിലെ ഒരു വ്യവസ്ഥ (5-ാം വകുപ്പ്) വളരെയേറെ അപകടകരമാണ്. ഉഭയകക്ഷി സമ്മതപ്രകാരം പദ്ധതിയിൽ മൂന്നാമതൊരു കക്ഷിയെക്കൂടി പങ്കാളിയാക്കാവുന്നതാണ്. ഇവിടെ അല്പം പഴയതല്ലാത്ത ഒരു കഥ ഓർക്കാം. കിനാലൂരിലെ ഇതേ എസ്റ്റേറ്റിലെ 25 ഏക്കർ സ്ഥലമാണ് പി.ടി.ഉഷയുടെ സ്പോർട്സ് അക്കാദമിക്കായി സർക്കാർ നൽകിയിരിക്കുന്നത്. വെറുക്കപ്പെട്ടവനെന്ന് മുഖ്യമന്ത്രി വിളിച്ച ഫാരിസ് അബൂബക്കർ എന്ന ഭൂമികച്ചവടക്കാരനെ വെള്ളപൂശാൻ വേണ്ടിനടത്തിയ ചാനൽ നാടകത്തിൽ ഇദ്ദേഹം ചെയ്ത സൽപ്രവർത്തികളിലൊന്നായി ഉയർത്തിക്കാട്ടിയത് ഉഷയുടെ സ്കൂളിൽ സിന്തറ്റിക് ട്രാക് നിർമിക്കാൻ ഒന്നേകാൽകോടിരൂപ നൽകുന്നുവെന്നതാണ് (അതുവരെ നൽകിയിട്ടില്ലെന്നത് മറ്റൊരു പ്രശ്നം). ഈ കഥയും ധാരണാപത്രത്തിലെ മൂന്നാംകക്ഷി പ്രകോപനവു ചേർത്തുവായിക്കുക. ഒന്നുംകാണാതെ ഫാരിസ് പണം മുടക്കുകയല്ല. അവിടെ നിർമ്മിക്കുന്ന ട്രാക്കിൽ ഓടുന്നത് ഉഷയുടെ ശിഷ്യർമാത്രമല്ല, അതുവഴി ഫാരിസ് ഓടിക്കയറുന്നത് ഈ 275 ഏക്കർ ഭൂമിയിലേക്ക് കൂടിയാണ്.

കിനാലൂരിലേക്ക് കോഴിക്കോട് നിന്നും മോണോറെയിൽ നിർമ്മിക്കുമെന്നും മറ്റും ചടങ്ങിൽ വ്യസായ മന്ത്രി പറയുന്നു. ഫലത്തിൽ കിനാലൂർ എസ്റ്റേറ്റ് കോഴിക്കോടിന്റെ ഉപഗ്രഹ നഗരമാകുന്നു. അതിനായി ശേഷിക്കുന്ന എസ്റ്റേറ്റിലെ ആയിരക്കണക്കിന് ഏക്കർ ഭൂമിയും നൽകും. മൂന്നാംകക്ഷിയെന്ന നിലയിൽ ഇതിന്റെ നടത്തിപ്പുകാരൻ ഫാരിസായിരിക്കും. അതു വഴി ഭരണകൂടത്തിന്റെ പൂർണസഹകരണം ഉറപ്പാക്കും. ലാന്റ്ബാങ്ക് വികസിക്കും. കേരളം വികസിക്കും. പക്ഷെ ചില ചെറിയ സംശയങ്ങൾ മാത്രം. സ്മാർട്ട്സിറ്റിക്കുവേണ്ടി യു.ഡി.എഫ്. തയ്യാറാക്കിയ ധാരണാപത്രവും കരാറും സംബന്ധിച്ച് നിരവധി ചോദ്യങ്ങളുയർത്തിയ ഇന്നത്തെ മുഖ്യമന്ത്രി തന്റെ സർക്കാരിന്റെ വകുപ്പ് തയ്യാറാക്കി ഒപ്പിട്ട ഈ ധാരണാപത്രത്തെ പറ്റി അത്തരം ചോദ്യങ്ങളുയർത്തുമോ?

മിതവാദികളും ദളിതരുമായ ഭൂരഹിതർക്കും. വികസനത്തിനുവേണ്ടി കുടിയൊഴിക്കപ്പെടുന്നവർക്കും നൽകാൻ ഭൂമിയില്ലെന്നുപറയുന്ന സർക്കാർ ഇത്തരം മാഫിയകൾക്ക് ആയിരക്കണക്കിനേക്കർ നൽകാൻ തയ്യാറാകുന്നതെന്തുകൊണ്ട്? ഇനിയും സംശയങ്ങളുണ്ടാകാം. പക്ഷെ മറുപടി ഉണ്ടാവില്ലെന്ന് മാത്രം.

*'തണൽ,, കൊച്ചി–21*

**വരയും വരിയും** **റഫീഖ് അഹമ്മദ്**




## അറിയിപ്പ്

വരിസംഖ്യ പുതുക്കി (240 രൂപ) എല്ലാ വായനക്കാരും കേരളീയത്തോട് സഹകരിക്കണമെന്ന് അപേക്ഷ.


## കേരളീയം പുസ്തകശാല

### പുസ്തകങ്ങൾ

1. **ഇല്ലംനിറ** (കഥകൾ)
കെ.ആർ. ഇന്ദിര
2. **ചെന്നൈ വിശേഷവും കുറിപ്പുകളും**
ബിജു എസ്. ബാലൻ
3. **ജാഗ്രതയുടെ കാവൽമാടം**
കേരളീയം 100 ലക്കങ്ങൾ സമാഹരിച്ചത്
എഡിറ്റർ : കെ.ആർ. ഇന്ദിര
4. **മാർക്സിസത്തിനുശേഷം**
എഡിറ്റർ : ദിലീപ് രാജ്
5. **പ്ലാച്ചിമട : അനുഭവങ്ങൾ, പാഠിച്ചകൾ**
എഡിറ്റർ : ടി.ടി. ശ്രീകുമാർ
6. **കേരളീയം സൈക്കിൾ പുസ്തകം**
എഡിറ്റർ : പ്രൊഫ.കെ.ജി.ശങ്കരപ്പിള്ള

കേരളീയം, കൊക്കാലെ, തൃശൂർ–21
ഫോൺ : 9446576943, 9447674375
keraleeyamtcr@rediffmail.com